(ബി) ഏതെല്ലാം വിഷയങ്ങളിലുള്ള എത്ര സീറ്റുകളാണ് കുറയുന്നതെന്ന് കാണിക്കുന്ന സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കുമോ;

(സി) ഈ വർഷം ഏതെങ്കിലും കോളേജിൽ അഡ്മിഷൻ നടത്തേണ്ടതില്ലെന്ന് എ. ഐ. സി. റ്റി. ഇ. തീരുമാനിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഏതെല്ലാം കോളേജുകൾ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) & (ബി) സർക്കാർ കോളേജിൽ സീറ്റുകൾ കുറയില്ല. എന്നാൽ സ്വാശ്രയ കോളേജ് ആയ ഇടുക്കിയിലെ മാർ ബസേലിയോസ് ക്രിസ്ത്യൻ കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജിയിൽ ഇൻഫർമേഷൻ ടെക്നോളജി വിഭാഗത്തിൽ 60 സീറ്റുകളുടെ കുറവു വരുന്നതാണ്.

(സി) & (ഡി) ഈ വർഷം അഡ്മിഷൻ നടത്തണ്ടതില്ലെന്ന് എ. ഐ. സി. റ്റി. ഇ. അറിയിച്ചിട്ടില്ല. എന്നാൽ തിരുവനന്തപുരം ജില്ലയിലെ പാലിയോട്ടുള്ള മേരി മാതാ കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ ചില നിബന്ധനകൾക്കു വിധേയമായിട്ടാണ് അംഗീകാരം നീട്ടി നൽകിയിട്ടുള്ളത്.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പോളിടെക്നിക്കുകളിൽ അസിസ്റ്റന്റ് ലക്ചറർ തസ്തിക നിർത്തലാക്കാനുള്ള തീരുമാനം

102 [3085] *ശ്രീ. സ്റ്റീഫൻ ജോർജ്ജ്:*
,, *തോമസ് ഉണ്ണിയാടൻ:*
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്തെ പോളിടെക്നിക്കുകളിൽ അസിസ്റ്റന്റ് ലക്ചറർ തസ്തിക നിർത്തലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഈ തസ്തിക നിർത്തലാക്കാനുള്ള കാരണമെന്താണ്;

(സി) പോളിടെക്നിക്കുകളിൽ എ. ഐ. സി. ടി. ഇ. നിരക്കിലുള്ള ശമ്പളം നൽകുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ഡി) എ. എൽ. പോസ്റ്റ് നിർത്തലാക്കിയ സമയത്ത് എ. എൽ.മാരുടെ എത്ര തസ്തികകൾ ഒഴിവുണ്ടായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ആ സമയത്ത് വിവിധ ബ്രാഞ്ചുകളിലായി എത്ര ഡെമോൺസ്ട്രേറ്റർ/വർക്ക് ഷോപ്പ് ഇൻസ്ട്രക്ടർ/വർക്ക്ഷോപ്പ് ഫോർമാൻമാർ സർവ്വീസിൽ ഉണ്ടായിരുന്നു;

(എഫ്) ഡിപ്ലോമ അടിസ്ഥാനയോഗ്യതയായി സർവ്വീസിൽ കയറിയ ജീവനക്കാരുടെ ഏക പ്രൊമോഷൻ സാദ്ധ്യത ഇല്ലാതായ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സർക്കാർ കൈക്കൊള്ളുന്നത്;

(എച്ച്) ലക്ചറർ തസ്തികയിലേക്ക് ഡിപ്ലോമക്കാർക്ക് നിശ്ചിത ശതമാനം പ്രൊമോഷൻ കൂട്ട അനുവദിക്കുമോ;

(ഐ) ഡിപ്ലോമക്കാരുടെ തസ്തികയായ ഡെമോൺസ്ട്രേറ്റർ/വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ എന്നീ തസ്തികയിലുള്ളവർക്ക് കുറഞ്ഞപക്ഷം എ. എൽ. ഗ്രേഡ് നൽകാൻ സർക്കാർ തയ്യാറാകുമോ;

(ജെ) ഇപ്പോൾ അസിസ്റ്റന്റ് ലക്ചറർ തസ്തികയിൽ എത്രപേർ ജോലി ചെയ്യുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. എ. ഐ. സി. റ്റി. ഇ.യുടെ സ്റ്റാൻഡേർഡ് സ്റ്റാഫ് പാറ്റേൺ നടപ്പിലാക്കുന്നതിനോടനുബന്ധിച്ച് ജി.ഒ. (എംഎസ്.) 158/98/ഉന്നത വിദ്യാഭ്യാസ വകുപ്പ്, തീയതി 21-12-1998 ഉത്തരവുപ്രകാരം ഗവൺമെന്റ് പോളിടെക്നിക് കോളേജിലും ജി.ഒ. (എംഎസ്.) 76/2000/ഉ.വി.വ. തീയതി 31-5-2000 പ്രകാരം എയ്ഡഡ് പോളിടെക്നിക്ക് കോളേജിലും അസിസ്റ്റന്റ് ലക്ചറർ തസ്തിക നിർത്തലാക്കുവാൻ ഉത്തരവായിട്ടുണ്ട്.

(ബി) എ. ഐ. സി. റ്റി. ഇ. അംഗീകരിച്ച സ്റ്റാഫ് പാറ്റേൺ പ്രകാരം അസിസ്റ്റന്റ് ലക്ചറർ തസ്തിക നിലവിലില്ല. അതിനാൽ ഈ തസ്തികയിൽ തൽസമയം ഉണ്ടായിരുന്ന ജീവനക്കാർ പെൻഷൻ പറ്റുന്ന മുറയ്ക്കും ആവശ്യമായ യോഗ്യത നേടുന്നപക്ഷം പ്രൊമോഷൻ കിട്ടുന്ന മുറയ്ക്കും നിർത്തലാക്കുന്നതിനും (എ) വിഭാഗത്തിൽ പ്രതിപാദിച്ചിട്ടുള്ള ഉത്തരവുപ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) സ്റ്റാന്റേർഡ് സ്റ്റാഫ് പാറ്റേൺ സർക്കാർ പോളിടെക്നിക്ക് കോളേജിൽ നിലവിൽവന്ന ഉത്തരവുപ്രകാരം, 209 അസിസ്റ്റന്റ് ലക്ചറർ തസ്തികകൾ നിലവിലുണ്ടായിരുന്നു.

GPM. 2/608/2012—17

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സ്റ്റാൻഡേർഡ് സ്റ്റാഫ് പാറ്റേൺ അനുസരിച്ച് ഓരോ ബ്രാഞ്ചിലും 2 ഡെമോൺസ്ട്രേറ്റർമാരുടെ തസ്തികയുണ്ട്. കൂടാതെ ഓട്ടോമൊബൈൽ, മെക്കാനിക്കൽ എന്നീ ബ്രാഞ്ചുകൾ ഇല്ലാത്ത സ്ഥാപനങ്ങളിൽ വർക്ക്ഷോപ്പ് സൂപ്രണ്ട് തസ്തികയ്ക്കുപകരം വർക്ക്ഷോപ്പ് ഫോർമാന്റെ തസ്തികയായാണ് ഉൾപ്പെടുത്തിയിരുന്നത്. പ്രസ്തുത സമയത്ത് വിവിധ ഘട്ടങ്ങളിൽ പ്രൊമോഷനും ട്രാൻസ്ഫറും നടന്നതിനാൽ കൃത്യമായ ഒഴിവുകൾ നൽകാൻ ഇപ്പോൾ നിർവ്വാഹമില്ല.

(എഫ്) & (ജി) ഡിപ്ലോമ അടിസ്ഥാനയോഗ്യതയായി സർവ്വീസിൽ കയറിയ മെക്കാനിക്കൽ വിഭാഗത്തിലെ ജീവനക്കാർക്ക് എഞ്ചിനീയറിംഗ് ഇൻസ്ട്രക്ടർ, വർക്ക്ഷോപ്പ് ഫോർമാൻ എന്നീ തസ്തികകളിലേക്ക് പ്രൊമോഷൻ സാദ്ധ്യതയുണ്ട്. കൂടാതെ നിശ്ചിത വിദ്യാഭ്യാസ യോഗ്യത നേടുന്നപക്ഷം എല്ലാ ഉയർന്ന തസ്തികകളിലേക്കും പ്രൊമോഷൻ നൽകുന്നതിന് നിയമം നിലവിലുണ്ട്. യോഗ്യരായ ജീവനക്കാർ ഇല്ലാതെവന്നാൽ മാത്രമേ നേരിട്ടുള്ള നിയമനം നടത്തുന്നതിന് സ്പെഷ്യൽ റൂൾ അനുവദിക്കുന്നുള്ളു.

(എച്ച്) പോളിടെക്നിക്ക് കോളേജുകളിലെ അദ്ധ്യയനനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ജി.ഒ. (പി)261/89/ഉ.വി.വ. തീയതി 19-12-1989 പ്രകാരം വിവിധ തസ്തികകളുടെ വിദ്യാഭ്യാസ യോഗ്യത നിലവിൽവന്നു. ഈ ഉത്തരവുപ്രകാരം ലക്ചറർ തസ്തികകളുടെ അടിസ്ഥാനയോഗ്യത അതാതു ബ്രാഞ്ചിലുള്ള ഫസ്റ്റ്ക്ലാസ്സ് എഞ്ചിനീയറിംഗ് ബിരുദമാണ്. സർവ്വീസിൽ ഉള്ളവർക്ക് 60% മാർക്ക് ബാധകമല്ല. ഡിപ്ലോമ യോഗ്യതയുള്ള ജീവനക്കാർക്ക് അതാത് എഞ്ചിനീയറിംഗ് ബ്രാഞ്ചിൽ ലക്ചറർ തസ്തികയിലേക്ക് പ്രൊമോഷൻ ലഭ്യമാക്കുന്നതിനുള്ള ബിരുദം നേടുന്നതിന് വൺ ടൈം ബി.ടെക്. കോഴ്സ്, വേൾഡ് ബാങ്ക് സ്കീം പ്രകാരം ഡിഗ്രി കോഴ്സ് (റെഗുലർ & പാർട്ട്-ടൈം) നടപ്പിലാക്കിയിരുന്നു. കൂടാതെ, ഇപ്പോഴും പാർട്ട്-ടൈം ബി.ടെക്. ഡിഗ്രി കോഴ്സുകൾ പല എഞ്ചിനീയറിംഗ് കോളേജുകളിലും നിലവിലുണ്ട്. നിശ്ചിത യോഗ്യത നേടിയ ജീവനക്കാർ ഇല്ലായെങ്കിൽ മാത്രമേ നേരിട്ടുള്ള നിയമനം സാദ്ധ്യമാകുവെന്ന് സ്പെഷ്യൽ റൂൾ അനുശാസിക്കുന്നുണ്ട്.

(ഐ) നിലവിലുള്ള ശമ്പളപരിഷ്കരണ ഉത്തരവ് അനുശാസിക്കുന്ന പ്രകാരം ഈ വകുപ്പിൽ അസിസ്റ്റന്റ് ലക്ചറർ തസ്തിക നിലവിലില്ലാത്തതിനാൽ ആ ഗ്രേഡ് നൽകുവാൻ കഴിയുകയില്ല.

(ജെ) 81.

LIBRARY ARCHIVES Kerala Legislative Assembly